ത്. തന്റെ അച്ഛനോട് വാല്യക്കാരന് നല്ല ഇഷ്ടമുണ്ടെങ്കിൽ അച്ഛൻ എന്റെ കൂടെ നിന്നാൽ മതിയെന്ന് പറഞ്ഞതു പോലെയാണ് നിങ്ങൾ പറയുന്നത്. 140 അംഗങ്ങളുള്ള കോൺഗ്രസ് പാർട്ടിയുടെ മുഖത്തു നോക്കി നിങ്ങൾ പറയുന്നു കോൺഗ്രസിന് എന്തുപറ്റിയെന്ന്. നിങ്ങൾക്ക് എന്തുപറ്റിയെന്ന് നിങ്ങളൊന്ന് ആലോചിക്കണം. ഈ കാര്യം ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ സ്നേഹപൂർവ്വം ആലോചിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാ രാഷ്ട്രീയ പ്രശ്നങ്ങളിലേക്കും ഞാൻ കടക്കുന്നില്ല. സമയപരിമിതി മൂലം ഞാൻ അവസാനിപ്പിക്കുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു.

# XI. റൂളിംഗ്

## നയപ്രഖ്യാപന പ്രസംഗം ചട്ടങ്ങൾ അനുസരിച്ചുള്ളതാണോ എന്നതു സംബന്ധിച്ച്

മി. സ്പീക്കർ : ശ്രീമതി ശോഭനാ ജോർജ്ജിന്റെ ഒരു ക്രമപ്രശ്നം ഉണ്ട്. നിയമസഭ വിളിച്ചുകൂട്ടിയതിന്റെ കോസ്സസ് ഓഫ് സമൺസ് പറയണമെന്ന് ഭരണഘടനയുടെ 176-ാം ഖണ്ഡം അനുശാസിക്കുന്നുവെന്നും, ജൂലൈ 12-ാം തീയതി ഗവർണർ ചെയ്ത പ്രസംഗത്തിൽ കോസ്സസ് ഓഫ് സമൺസ് ഇല്ല എന്നുള്ളതുമാണ് ശ്രീമതി ശോഭനാ ജോർജ്ജിന്റെ ക്രമപ്രശ്നം. ഗവർണ്ണറുടെ പ്രസംഗത്തിൽ എന്തെല്ലാം ചേർക്കണമെന്ന അവകാശം സർക്കാരിന് മാത്രമാണ്. ഇപ്പോൾ ഗവർണ്ണർ നടത്തിയ പ്രസംഗത്തിൽ കോസ്സസ് ഓഫ് സമൺസ് ഇല്ല എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം മാത്രമാണ്. ഈ സാഹചര്യത്തിൽ ഈ ക്രമപ്രശ്നത്തിന് നിലനിൽപ്പില്ലെന്ന് ചെയർ കരുതുന്നു.

സഭ ഇപ്പോൾ പിരിയുന്നതും, നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1996 ജൂലൈ 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 7.05-ന് പിരിഞ്ഞു.



LIBRARY ARCHIVES Kerala Legislative Assembly